## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1406** **04-02-2019 ൽ മറുപടിക്ക്**

## സർക്കാർ ഭൂമി കയ്യേറി നിർമ്മിച്ച ആരാധനാലയങ്ങൾ ഒഴിപ്പിക്കൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഷാഫി പറമ്പിൽ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) പാർക്കുകൾ, പൊതുസ്ഥലങ്ങൾ, പൊതു മാർക്കറ്റുകൾ, സർക്കാർ ഉടമസ്ഥതയിലുള്ള മറ്റ് സ്ഥലങ്ങൾ എന്നിവ കയ്യേറി നിർമ്മിച്ച ആരാധനാലയങ്ങൾ ഒഴിപ്പിക്കണമെന്ന 2009 സെപ്റ്റംബർ 29 ലെ സുപ്രീംകോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പ്രസ്തുത വിധിയുടെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ? | (ബി) പൊതുസ്ഥലങ്ങൾ കയ്യേറി നിർമ്മിച്ച ആരാധനാലയങ്ങളുമായി ബന്ധപ്പെട്ടുണ്ടായ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ 29.09.2009 ലെ SLP (C) 8519/06 നമ്പർ വിധിന്യായം നടപ്പിൽ വരുത്തുന്നതിന് ആഭ്യന്തര വകുപ്പ് സെക്രട്ടറി, 24.10.2014 ലെ 67067/SSA3/09/Home കത്ത് പ്രകാരം ഡയറക്ടർ ജനറൽ ഓഫ് പോലീസ്, റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, എല്ലാ ജില്ലാ കളക്ടർമാർ എന്നിവരോട് നിർദ്ദേശം നൽകി. സുപ്രീം കോടതിയുടെ മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ അനധികൃത കയ്യേറ്റങ്ങൾക്കെതിരെ കേരള ഭൂസംരക്ഷണ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 17.09.2011 ൽ ആഭ്യന്തര വകുപ്പ് സെക്രട്ടറി ജില്ലാ കളക്ടർമാരുമായി നടത്തിയ വീഡിയോ കോൺഫറൻസിലെ നിർദ്ദേശ പ്രകാരം ആരാധനാലയങ്ങളുടെ അനധികൃത കയ്യേറ്റങ്ങൾ വാർഷിക പാട്ട വ്യവസ്ഥയ്ക്ക് നൽകി നിർമ്മാണം റഗുലറൈസ് ചെയ്യുന്നതിനോ/മാറ്റി സ്ഥാപിക്കുന്നതിനോ ആവശ്യമായ നടപടികൾ പൂർത്തിയാക്കാൻ നൽകിയ നിർദ്ദേശത്തിന്റെ കൂടി അടിസ്ഥാനത്തിൽ ഉള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**